# Dakshina Kerala Jam-iyyathul Ulama

## ജുമുഅ: പ്രസംഗം. " മദ്റസകൾ നിർവ്വഹിക്കുന്നത് "(22/7/16)

* يَاأَيُّهَا الَّذِينَ آمَنُوا إِنَّ مِنْ أَزْوَاجِكُمْ وَأَوْلَادِكُمْ عَدُوًّا لَكُمْ فَاحْذَرُوهُمْ وَإِنْ تَعْفُوا وَتَصْفَحُوا وَتَغْفِرُوا فَإِنَّ اللَّهَ غَفُورٌ رَحِيمٌ (التغابن ١٤)

- **ഇന്ത്യയിൽ ഇസ്‌ലാം ആദ്യം എത്തിയത് നമ്മുടെ കേരളത്തിലാണ്.** നബി (സ്വ) ജീവിച്ചിരുന്നപ്പോൾ തന്നെ അറബികൾ കേരളത്തിലെത്തി. അവരിലൂടെ ഇസ്‌ലാമിനെ അറിഞ്ഞ ചേരമാൻ പെരുമാൾ മദീനയിലെത്തി ദീൻ സ്വീകരിച്ചു. (താജുദ്ദീൻ)

أهدى ملك الهند إلى رسول الله صلى الله عليه وسلم جَرَّةً فيها زَنْجَبِيلٌ ، فأطعم أصحابه قطعة قطعة وأطعمني منها قطعة (حاكم)

ഇത് ചേരമാൻ പെരുമാളിനെ കുറിച്ചാണെന്ന് പണ്ഡിതന്മാർ.

- പിന്നീട് ഹി:40ൽ മാലിക് ബ്നു ദീനാറിന്റെ നേതൃത്വത്തിൽ പ്രബോധകസംഘം വന്നെത്തിയതും കേരളത്തിൽ തന്നെ.
- **ഈ പാരമ്പര്യം കേരളത്തിന് വലിയ ഇസ്‌ലാമിക മുന്നേറ്റമുണ്ടാക്കി.** (ഉദാ: സൈനുദ്ദീൻ മഖ്ദൂം(റ) I,II, മമ്പുറം തങ്ങൾ, ഉമർഖാളി.../ഫത്ഹുൽ മുഈൻ, അദ്കിയ, അങ്ങനെ പലതും.)
- **ഇക്കൂട്ടത്തിൽ എടുത്ത് പറയേണ്ട ഒന്നാണ് മദ്റസാ പ്രവർത്തനം.** വ്യവസ്ഥാപിതമായി വിദ്യാഭ്യാസ ബോർഡും സിലബസും സ്കീമുമായി ഇന്ത്യയിൽ ആരംഭിച്ചത് കേരളത്തിലാണ്.
- കേരളത്തിന്റെ മദ്റസാ ചരിത്രത്തിന് 1950 കളോളം പഴക്കമുണ്ട്. 1947ൽ ഇന്ത്യ സ്വാതന്ത്ര്യം നേടുകയും 1948–ൽ ഭരണഘടന നിലവിൽ വരികയും ചെയ്തപ്പോൾ "സെക്കുലർ" ഭരണക്രമം നിലവിൽ വന്നു. തുടർന്ന് മദ്റാസ് പ്രസിഡൻസി മുഖ്യമന്ത്രിയായിരുന്ന രാജഗോപാലാചാരി സ്കൂളുകളിൽ മത പഠനം നിരോധിച്ചു.അപ്പോൾ മുസ്‌ലിംകൾ തങ്ങളുടെ മക്കളെ ദീൻ പഠിപ്പിക്കുന്നതിന് 1950കളോടെ സ്വതന്ത്ര മദ്റസകൾ സ്ഥാപിച്ചു.
- 1955 നവം. 12, 13 കളിൽ ചങ്ങനാശ്ശേരിയിൽ നടന്ന ജംഇയ്യത്ത് യോഗത്തിൽ ബഹു. ഖുതുബി(റ) പങ്കെടുക്കുകയുണ്ടായി. ഈ സമ്മേളനത്തിൽ വെച്ചാണ് DKIMV ബോർഡും മദ്റസാ സിലബസും മറ്റും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചത്.
- ഇന്ന് കേരളത്തിൽ പതിനായിരക്കണക്കിന് മദ്റസകൾ പ്രവർത്തിക്കുന്നു. കോടികൾ ആസ്തിയുള്ള ബിൽഡിംഗുകൾ, ഫർണീച്ചറുകൾ. പതിനായിരക്കണക്കിന് അധ്യാപകർ. പ്രതിവർഷം കോടികൾ ചെലവഴിക്കുന്നു. വ്യവസ്ഥാപിത പരീക്ഷകളും ഇൻസ്പെക്ഷനുകളുമായി ഒരു ഗവഃ സംവിധാനത്തിന് ഒപ്പം നിൽക്കുന്നു.
- **ഇത്രയേറെ ത്യാഗം സഹിച്ച് സമുദായം ഇത് മുന്നോട്ടു കൊണ്ടുപോകുന്നത് ഇത് ദീനിന്റെ നിലനിൽപ്പിന് അനിവാര്യമായതുകൊണ്ടാണ്. കാരണം അത് ഇസ്‌ലാമിന്റെ ജീവനാകുന്നു.**

عن بن عباس رضي الله عنهما أن رسول الله  قال: "العلم حياة الإسلام، وعماد الدين،.(فيض القدير شرح الجامع الصغير)

(ജീവൻ പോയാൽ മരണം. ഇൽമ് ഇല്ലാതായാൽ ഇസ്‌ലാം മരിക്കും. അത്തരം വ്യക്തികളിൽ ദീൻ നിലനിൽക്കില്ല. അവർ ശിർക്ക്/കുഫ്ർ/രിദ്ദത്ത്/ബിദ്അത്ത്/ഇവയൊന്നും അറിയാതെ പലതരം വിശ്വാ സ ആചാര സംസ്കാരങ്ങ ളിൽ കുടുങ്ങിപ്പോകും. (വിശദീകരിക്കുക)

- അതുകൊണ്ടാണ് മതപഠനം ഫർളാക്കിയത്.

طلب العلم فريضة على كل مسلم ومسلمة (ابن ماجه)

عَنْ أَبِي ذَرٍّ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " يَا أَبَا ذَرٍّ ، لأَنْ تَغْدُوَ تَتَعَلَّمُ بَابًا مِنَ الْعِلْمِ ، خَيْرٌ لَكَ مِنْ أَنْ تُصَلِّيَ مِائَةَ رَكْعَةٍ (ابن ماجه)

- മദ്റസകൾ സമൂഹത്തിന് ആകമാനം പ്രയോജനപ്പെടുന്നു. ദർസ്, അറബിക് കോളേജുകൾ, പ്രസിദ്ധീകരണങ്ങൾ ഒരു വിഭാഗത്തിന് മാത്രമെ ഫലപ്പെടുന്നുള്ളൂ. ആ നിലക്ക് ഏറ്റവും വലിയ ദഅ്വ ത്താണ് മദ്റസകൾ നിർവ്വഹിക്കുന്നത്.
- മദ്റസകൾ എല്ലാ തലങ്ങളിലും പ്രാഥമിക അറിവ് നൽകുന്നു. 1.ഖുർആൻ തജ്‌വീദോടെ പാരായണം പഠിപ്പിക്കുന്നു. ഇല്ലെങ്കിൽ നിസ്ക്കാരം പോലും ശരിയാവില്ല.

2) ആദർശം പഠിപ്പിക്കുന്നു. (ദീനിയ്യാത്ത്) (3) ആരാധനകൾ (അമലിയ്യാത്ത്) (4) സംസ്കാരം (അഖ്‌ലാഖ്) (മാതാപിതാക്കൾ/മുതിർന്നവർ/അയൽക്കാർ മനുഷ്യർ/ജന്തുക്കൾ... ഇവയോടെല്ലാം പെരുമാറേണ്ട രീതികൾ പഠിക്കുന്നു).(5) ഇന്ത്യാ ചരിത്രം. ഇന്ന് വളരെ പ്രസക്തമാണിത്. ചരിത്രത്തെ വളച്ചൊടിക്കുമ്പോൾ ശരിയായ ചരിത്രബോധം മദ്റസയിൽ ലഭിക്കുന്നു.

- ഇത് വരും തലമുറക്ക് വേണ്ടിയുള്ള വലിയ സേവനമാണ്. (അന്യസംസ്ഥാന തൊഴിലാളികളെ കാണുമ്പോൾ ഇതിന്റെ വലിപ്പം ബോധ്യപ്പെടും. പലർക്കും കലിമപോലും അറിയില്ല.
- അതുകൊണ്ട് നാം മദ്റസകളെ വളർത്തണം. 10 ക്ലാസ്സുകൾ ഉണ്ടാകണം. കുട്ടികളെ അയക്കണം.
- ഇത് രക്ഷകർത്താക്കൾക്ക് ഒഴിച്ചു കൂടാനാവാത്ത ബധ്യതയാണ്. അല്ലാത്തപക്ഷം ഈ മക്കൾ നമുക്ക് വേണ്ടി വൃദ്ധസദനങ്ങൾ ഉണ്ടാക്കും. ദുനിയാവിലും ആഖിറത്തിലും അവർ നമ്മുടെ ശത്രുക്കൾ ആയേക്കാം.

* يَاأَيُّهَا الَّذِينَ آمَنُوا إِنَّ مِنْ أَزْوَاجِكُمْ وَأَوْلَادِكُمْ عَدُوًّا لَكُمْ فَاحْذَرُوهُمْ وَإِنْ تَعْفُوا وَتَصْفَحُوا وَتَغْفِرُوا فَإِنَّ اللَّهَ غَفُورٌ رَحِيمٌ (التغابن ١٤)

**NB: ജുമുഅ പ്രഭാഷണ കുറിപ്പ് എല്ലാ ചൊവ്വാഴ്ചകളിലും ലഭിക്കും (ഇ:അ)**


തയ്യാറാക്കിയത്:

സി.എ. മൂസാ മൗലവി മുവാറ്റുപുഴ. 9447465648


ജുമുഅക്ക് പ്രസംഗിക്കുന്നതിന് മുമ്പ് പ്രഭാഷണ കുറിപ്പ് സധാരണക്കാരുടെ കൈകളിൽ എത്തുന്നു എന്ന് പരാതി ഉയർന്നിട്ടു□്. ആകയാൽ (1) പ്രഭാഷണ കുറിപ്പ് സാധാരണക്കാരുള്ള വാട്സ് ആപ്പ് ഗ്രൂപ്പുകളിലേക്ക് ഫോർവേഡ് ചെയ്യരുത്,.(2) ഉലമാക്കൾക്ക് വ്യക്തിപരമായി മാത്രം കൈമാറാൻ ശ്രദ്ധിക്കുക.